# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## വിരമിച്ച ജീവനക്കാരനെതിരായ അച്ചടക്ക നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5088 27.06.2019-ൽ മറുപടി

ചോദ്യം
ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം റൂറൽ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ടായി 31-05-2019 ന് വിരമിച്ച ഡി.അശോകൻ എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും വിരമിക്കുന്ന തീയതി വരെ എപ്പോഴെങ്കിലും വകുപ്പിന്റെ അച്ചടക്ക നടപടിക്ക് വിധേയനായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സംഭവങ്ങളിലാണെന്നും വ്യക്തമാക്കാമോ | (എ) | ഡി.അശോകൻ സബ് ഇൻസ്പെക്ടർ ട്രെയിനായി 20-04-1995 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതായി ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>ഡി.അശോകനെതിരെ വിരമിക്കൽ തീയതി വരെ താഴെ പറയുന്ന അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. Order No.A2/30/PR/97/LR തീയതി 5/98 പ്രകാരം സഞ്ചിത സ്വഭാവത്തോടെ ഒരു ഇൻക്രിമെന്റ് 6 മാസത്തേക്ക് തടഞ്ഞിട്ടുണ്ട്.<br>2. No.A2(a) 32/PR/2000 TR തീയതി 27/10/2001 പ്രകാരം ഗുരുതരമായ സ്വഭാവദൂഷ്യവും, കൃത്യവിലോപവും നടത്തിയതിന് ശിക്ഷയായി ശമ്പളത്തിലെ അടുത്ത വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞിട്ടുണ്ട്.<br>3. NoA2(a)10/PR/2000 തീയതി 23-05-2001 ഉത്തരവ് പ്രകാരം ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും നടത്തിയതിന് അടുത്ത ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതസ്വഭാവത്തോടെ തടഞ്ഞിട്ടുണ്ട്.<br>4. ഉത്തരവ് No.H2/17/PR/2000TC തീയതി 07/11/2000 പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതിന് സെൻഷ്വർ നൽകി ഉത്തരവായിട്ടുണ്ട്<br>5. No.A2(a)38/PR തീയതി 23-07-2002 പ്രകാരം അടുത്ത ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത സ്വഭാവത്തോടെ തടഞ്ഞു കൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. H1/PR/55/02/Kollam പ്രകാരം ഒരു ബ്ലാക്ക് മാർക്ക് ശിക്ഷയായി നൽകിയിട്ടുള്ളതാണ്.<br>7. No.A2(a)/9336/02/PR തീയതി 10-01-2002 പ്രകാരം സസ്പെൻഡ് ചെയ്യുകയും പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ G1/96689/02 തീയതി 19-01-2004 പ്രകാരം തിരികെ എടുത്തിട്ടുള്ളതും No.A2(a)/14/03/TR തീയതി 31/07/2006 പ്രകാരം സെൻഷ്വർ നൽകി ഉത്തരവായിട്ടുള്ളതാണ്. |
| (ബി | പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ നിന്നും എപ്പോഴെങ്കിലും സസ്പെന്റ് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്ന എന്ന് വകുപ്പ് നൽകിയ കുറ്റാരോപണമെമ്മോയുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ? | (ബി) | സസ്പെന്റ് ചെയ്തിട്ടുണ്ട്. ടിയാൻ ചവറ പോലീസ് സ്റ്റേഷനിൽ എസ്.ഐ ആയി ജോലി നോക്കി വരവെ 03-10-2002 തീയതിയിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിലെ 3 പോലീസ് കോൺസ്റ്റബിൾമാരെ കസ്റ്റഡിയിൽ എടുത്തതിന് ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. 2002 - ലെ പ്രസ്തുത ഫയൽ വീണ്ടെടുക്കാൻ സാധിക്കാത്തതിനാൽ കുറ്റാരോപണമെമ്മോയുടെ പകർപ്പ് ലഭ്യമല്ല എന്ന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ